# കേരള സർവകലാശാല

നം. പി.ആർ.208/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മൂല്യനിർണ്ണയത്തിനായി അധ്യാപകർ ഹാജരാകണം

കേരളസർവകലാശാല 2017 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനായി 18.09.2017 മുതൽ തിരുവനന്തപുരം, കൊല്ലം, പന്തളം എന്നീ കേന്ദ്രങ്ങളിൽ ആരംഭിച്ച വിവിധ മൂല്യനിർണയ ക്യാമ്പുകളിൽ മൂല്യനിർണയത്തിനായി നിയോഗിക്കപ്പെട്ട എല്ലാ അധ്യാപകരും നിർബന്ധമായും ഹാജരാകേണ്ടതാണ്. അധ്യാപകർ ഹാജരാകാത്ത കോളേജുകളുടെ പരീക്ഷഫലം തടഞ്ഞുവയ്ക്കുന്നതും അനന്തര നടപടികൾ കൈക്കൊള്ളുന്നതുമാണ്.

### ബി.കോം ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ സി.ബി.സി.എസ് മൂന്നാം സെമസ്റ്റർ ബി.കോം ബിരുദ (2015 അഡ്മിഷൻ റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. ഇതിനായി വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാം.

### പി.ജി. പ്രവേശനം, 2017– രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സെപ്തംബർ 25, 26 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെയും യു.ഐ.ടി.കളിലേയും 2017–18 അദ്ധ്യയന വർഷത്തെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് ഒടുക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് ഒടുക്കേണ്ടതാണ്. ജനറൽ വിഭാഗത്തിന് 900/- രൂപയും എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് 100 രൂപയുമാണ് അഡ്മിഷൻ ഫീസ്. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് ഒടുക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയവിവരം വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 സെപ്തംബർ 25, 26 തീയതികളിലായി അതത് കോളേജുകളിൽ ഹാജരായി പ്രവേശനം സ്വീകരിക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ

പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിനുള്ളിൽ പ്രവേശനം എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത അലോട്ടമെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർക്ക് തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ലഭിച്ച അഡ്മിഷനിൽ സംതൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ സെപ്തംബർ 28 വൈകുന്നേരം അഞ്ച് മണിക്ക് മുൻപായി നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. ഒന്നാം സെമസ്റ്റർ പി.ജി.ക്ലാസ്സുകൾ 27.09.2017-ന് ആരംഭിക്കുന്നതാണ്.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എം.എഡ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എഡ് 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ദിവ്യാ ശശിധരൻ നായർ (EDU 150508/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.സി.ജെ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.സി.ജെ 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ധന്യ എസ് നായർ (COJ 150502/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

## എം.ടെക് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (2008 സ്കീം - മേഴ്സിചാൻസ്) രണ്ടാം സെമസ്റ്റർ (2013 സ്കീം സപ്ലിമെന്ററി ) എം.ടെക് (ബ്രാഞ്ച് ബി.ബി.ഇ ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക് 2008 സ്കീം സെപ്റ്റംബർ/ ഒക്ടോബർ പരീക്ഷയ്ക്ക് മേഴ്സിചാൻസിൽ പരീക്ഷ എഴുതുന്ന 2006 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾക്ക് പിഴ കൂടാതെ ഒക്ടോബർ മൂന്ന് (50 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്, 125 രൂപ പിഴയോടെ ഒക്ടോബർ ഏഴ്) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
23.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**